**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6227** **10-11-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഡിസൈൻ ചെയ്യുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലാവധി നിശ്ചയിക്കാമോ; വ്യക്തമാക്കാമോ? | (എ) | നിലവിൽ കാലാവധി നിശ്ചയിച്ചിട്ടില്ല എന്നാൽ ഭരണാനുമതി ലഭിച്ചാലുടനെ site survey, soil investigation എന്നിവ നടത്തി ആയത് പ്രകാരം Structural designഉം അതനുസരിച്ച് detailed estimate ഉം തയ്യാറാക്കി ടെണ്ടർചെയ്താണ് പ്രവൃത്തി നടപ്പിലാക്കുന്നത്. നിലവിൽ ഭരണാനുമതിക്ക് മൂന്ന് വർഷമാണ് കാലാവധിയുള്ളത്. സ്ട്രക്ച്ചറൽ ഡിസൈൻ നൽകുന്നത് രണ്ട് ഘട്ടങ്ങളായാണ്. ഒന്നാമതായി സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി ടെൻടേറ്റീവ് ഡിസൈൻ ഡ്രോയിംഗ് നൽകുന്നു. അതിനുശേഷം പ്രവൃത്തികൾക്കായി കൺസ്ട്രക്ഷൻ ഡ്രോയിംഗും നൽകുന്നു. ഓരോ സ്ട്രക്ച്ചറൽ എഞ്ചിനീയറും വിവിധ ഘട്ടങ്ങളിലുള്ള വിവിധ പ്രവൃത്തികളുടെ ഡിസൈൻ കൈകാര്യം ചെയ്തു വരുന്നു. സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിനുള്ള എഞ്ചിനീയർമാരുടെ എണ്ണത്തിലെ അഭാവവും, ഡിസൈൻ ചെയ്യുന്നതിനുള്ള വർക്കുകളുടെ ആധിക്യവും പരിഗണിച്ച് നിലവിൽ നിർമ്മാണത്തിന്റെ പുരോഗതിയ്ക്ക് തടസ്സം വരാത്ത രീതിയിൽ സ്ട്രക്ച്ചറൽ ഡിസൈൻ ഡ്രോയിംഗുകൾ തയ്യാറാക്കി നൽകുന്നു. മേൽപ്പറഞ്ഞ രീതി അവലംബിച്ചു വരുന്നതിനാൽ ഒരു ഡിസൈൻ പ്രവൃത്തി മാത്രം കണക്കിലെടുത്തു സമയപരിധി നിശ്ചയിക്കൽ പ്രാവർത്തികമല്ല. |

സെക്ഷൻ ഓഫീസർ